# FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**
**24 February 2017 (26 Jamadul' Awwal 1438 Hijira)**

## "THE CULT OF THE HINDUS / ഹൈന്ദവാരാധന

**സലാമിന് ശേഷം , തശഹ്ഹുദ, തഅവ്വദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം ഹൈന്ദവാരാധന് എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.**

**അല്ലാഹുവിന് പുറമെ അവർ നിരവധി ദൈവങ്ങളെ സ്വീകരിച്ചിരിക്കുന്നു. അവ ( ആ ദൈവ ങ്ങൾ) അവർക്ക് അന്തസ്സിന് കാരണമാകുവാൻ വേണ്ടി. ഒരിക്കലും അങ്ങനെയല്ല. അവർ (ആ ദൈവങ്ങൾ) ഇവരുടെ ആരാധനയെ നിഷേധിക്കും. അവർ ഇവർക്ക് എതിരാളികളായിത്തീരുകയും ചെയ്യും.** (19 : 82,83)

ഇന്ന് മൗറിഷ്യസിൽ പൊതു അവധി ദിവസമാണ്. (**അതായത് മഹാശിവരാത്രി**) ഒരു പക്ഷേ മറ്റു രാജ്യങ്ങളും അപ്രകാരമായിരിക്കാം. അവർ **മഹാശിവരാത്രി** ആഘോഷത്തിലാണ്. എന്റെ ഹൈന്ദവ സ്നേഹിതർ, എന്നോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇന്നത്തെ എന്റെ വെള്ളിയാഴ്ച പ്രസംഗത്തിൽ, അവരുടെ മൂന്ന് ദൈവങ്ങളെക്കുറിച്ച് സംസാരിക്കണമെന്ന് ! അതായത് **ബ്രഹ്മാവ്, വിഷ്ണു, ശിവൻ**

ഹൈന്ദവ പുരാണങ്ങളിൽ വിഷ്ണുവിനെ, എല്ലാ കാര്യങ്ങളുടെയും പരമമായ കാരണമായും എല്ലാം സൃഷ്ടിച്ചവനായും പ്രതിപാദിക്കുന്നു. ഈശ്വരനായും പരമോന്നതനായ ദൈവമായും പ്രതി പാദിക്കുന്നു. ഹൈന്ദവ ത്രീമൂർത്തികളിലെ ഒന്നാമത്തെ വ്യക്തിയായ ബ്രഹ്മാവ് പോലും വിഷ്ണു വിന്റെ മേധാവിത്വത്തെ അംഗീകരിച്ചിട്ടുണ്ട്. വേദ സാഹിത്യത്തിലെയും ഹൈന്ദവത്രയത്തിലെ ത്രിമൂർത്തികളിലെ രണ്ടാമനായ വ്യക്തി **വിഷ്ണുവിന്**, ബ്രഹ്മാവിനെ പോലെ തന്നെ ആദരവ് നല്കിയിരിക്കുന്നു. അനേകം വേദിക് ഗ്രന്ഥങ്ങളിൽ, ബ്രഹ്മാവിനെ സൃഷ്ടികർത്താവായിട്ടാണ് വിശ്വസിക്കുന്നത് എന്ന വസ്തുത നിലനില്ക്കുന്നു. മറ്റുള്ളവർ തറപ്പിച്ചു പറയുന്നത് ആദ്യകാര ണവും എല്ലാം സൃഷ്ടിച്ചതിനുള്ള പരമ കാരണവും വിഷ്ണുവാണ് അതുകൊണ്ട് സൃഷ്ടികർതൃത്വം വിഷ്ണവുവിലേക്ക് നീളുന്നു. അവനിലൂടെയാണ് ഈ ലോകം തന്നെ നിർമ്മിച്ചത്, ഇത് അവ നിലൂടെ നിലനില്ക്കുന്നു. ഇത് ഇങ്ങനെ തുടർന്നു കൊണ്ടിരിക്കുന്നതിനുള്ള ഇക്കാരണവും അവനാണ് ഇതിന്റെ അവസാനവും അവനിലൂടെയാണ്.

ഭാഗവത പുരാണത്തിലെ ഒരു കഥ നമുക്ക്  നല്കുന്ന സന്ദേശം ഒരവസരത്തിൽ ഹൈന്ദവസന്യാസിമാർ സരസ്വതീ നദിയുടെ തീരത്ത് ഒരു യാഗം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അവർക്കിടയിൽ ഒരു തർക്കം ഉടലെടുത്തു. **ഈ മൂന്ന് ദൈവങ്ങളിൽ ആരാണ് ഏറ്റവും വലിയവൻ.** ഈ തർക്കം പരിഹരിക്കുന്നതിന് ബ്രഹ്മപുത്രനായ ഭർഗുവിനെ സ്വർഗ്ഗത്തിലേക്ക് നിയോഗിച്ചു അവൻ ആദ്യം തന്നെ അവന്റെ പിതാവായ ബ്രഹ്മാവിന്റെ സദസ്സിൽ പ്രവേശിച്ചു. സാധാരണ നല്കാറുള്ള മാന്യത കല്പിക്കാതെയുള്ള ഭർഗുവിന്റെ പ്രവേശനം ബ്രഹ്മാവിനെ കുപിതനാക്കി. മര്യാദയില്ലാത്ത, ഗൗരവാവഹയമായ തെറ്റ് തന്റെ തന്നെ പുത്രൻ ചെയ്തിരിക്കുകയാണ്. എന്നാൽ ബ്രഹ്മാവ് തന്റെ കോപം ലഘുകരിക്കുകയും ഭർഗുവിന് ശിക്ഷ കുറച്ചു കൊടുക്കുകയും ചെയ്തു. അല്ലെങ്കിൽ **സൃഷ്ടികർത്താവിനെ അപമാനിച്ചവന് കഠിന ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുമായിരുന്നു.** ഭർഗു തുടർന്ന് ശിവന്റെ രാജസദസ്സിലേക്ക് പോയി അദ്ദേഹത്തിനെ ആലിംഗനം ചെയ്യാൻ ആഗ്രഹിച്ചു. എന്നാൽ അവിടെയുണ്ടായിരുന്ന ഋഷിവര്യൻ അദ്ദേഹത്തെ പിന്തിരിപ്പിച്ചു. തത്സമയം ശിവൻ ത്രിശൂലവും കൈയിലേന്തി കോപകുലനായ അവസ്ഥയിലായിരുന്നു. എന്നാൽ ശിവഭാര്യയായ പാർവ്വതിയുടെ സമയോചിതമായ ഇടപെടൽ മൂലം, അവർ തന്റെ ഭർത്താവിന്റെ കാല്ക്കൽ വീണ്, അങ്ങേയറ്റം വികാര ത്രീവമായി യാചിച്ചതിനാൽ, ശിവന്റെ കോപം ശമിപ്പിക്കുവാൻ കഴിഞ്ഞു. അങ്ങനെ അദ്ദേഹം രക്ഷപ്പെടുകയുണ്ടായി.

ഭർഗുവിന്റെ മോശം പെരുമാറ്റത്തിന് ശിവനിൽ നിന്നും മോചനം കിട്ടിയ ശേഷം, ഭർഗു വിഷ്ണുവിന്റെ സദസ്സിലേക്ക് പ്രവേശിച്ചു. അവിടെ ദൈവം തന്റെ പത്നി ലക്ഷ്മിയുടെ മടിയിൽ തലവെച്ച് കിടന്നുറങ്ങുകയായിരുന്നു. ഭർഗു വിഷ്ണു ദമ്പതികളെ സമീപിച്ച്, വിഷ്ണുവിന്റെ നെഞ്ചത്ത് ചവിട്ടി. അതിന്റെ ഫലമായി അദ്ദേഹം ഉണർന്നു. എഴുന്നേറ്റ് തന്നെ അസഹ്യപ്പെടുത്തിയവന്റെ കാല്പാദത്തിനരുകിൽ ആദരപൂർവ്വം നിന്നു. ഭർഗുവിനെ സ്വാഗതം ചെയ്യുകയും ഇരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. തന്റെ തെറ്റ് അറിവില്ലായ്മയിൽ നിന്നും ഉണ്ടായതാണെന്നും മാപ്പാക്കണമെന്നും യാചിക്കുകയും ചെയ്തു. ഋഷിവര്യൻ ദൈവത്തെ ചവിട്ടത്തക്ക തെറ്റ് താൻ തന്നെ ചെയ്താണെന്നും പറയുകയുണ്ടായി. തന്നെ ചവിട്ടിയതുമൂലമുണ്ടായ കാലിന്റെ വേദന മാറുന്നതിനായി ഭർഗ്ഗുവിന്റെ കാൽ തടവികൊടുക്കയും, മാപ്പു ചോദിക്കുകയും ചെയ്തു. പുണ്യവാളനായ ഒരാൾ എന്റെ നെഞ്ചത്ത് ചവിട്ടിയതിനാൽ, ഇന്ന് ഞാൻ കൂടുതൽ ബഹുമാന്യനായിത്തീരുകയാണ് ;

തന്റെ പാപത്തിന്റെ പൊടി ആ പാദത്തിലൂടെ അകറ്റുകയാണ് ചെയ്തത്. ഭാഗവത പുരാണം തുടർന്ന് പറയുന്നു., വിഷ്ണുവിന്റെ സംസാരം അവസാനിപ്പിച്ചപ്പോൾ, ഭർഗുവിന് അത് വളരെയധികം മാനസിക വ്യഥ സൃഷ്ടിക്കുകയും, ഒരു മറുപടിയും പറയുവാൻ കഴിയാതെ വരികയും തന്റെ കണ്ണുകളിൽ നിന്നും പൊഴിഞ്ഞ കണ്ണുനീർ തുള്ളികൾ തുടച്ചുകൊണ്ട്, വിഷ്ണു സദസ്സിൽ നിന്നും പോവുകയുണ്ടായി. അതേ തുടർന്ന് ഭർഗു ഈ ലോകത്തേക്ക് തിരികെ വരുകയും, തന്റെ അനുഭവങ്ങൾ മറ്റു ഋഷിമാരുമായി പങ്കുവെയ്ക്കുകയും ചെയ്തു. അവരെല്ലാം ഐക്യകണ്ഠന, വിഷ്ണു തന്നെയാണ് ഈ മൂന്ന് ദൈവങ്ങളിൽ ശ്രേഷ്ഠൻ എന്ന് സമ്മതിക്കുകയും ചെയ്തു. കാരണം അദ്ദേഹം തന്റെ തെറ്റായ ശാരീരിക ഇച്ഛകൾക്ക് വശംവദനായില്ല എന്നതു തന്നെ !

ശിവനും വിഷ്ണുവിന്റെ മുമ്പിൽ പരാജയപ്പെട്ട കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ യുടെ പ്രഥമ വെളിപ്പെടലിൽ, അവർ പിന്നീട് വിഷ്ണുവിന്റെ ഭാര്യയായി തീർന്നു. ശിവൻ അവളിൽ മോഹിച്ചു അവളെ സ്വന്തമാക്കാൻ ശ്രമിച്ചു. എന്നാൽ അവൾ അവനിൽ നിന്നും പിന്തിരിയുകയുണ്ടായി അങ്ങനെ ശിവൻ വളരെയധികം കോപകുലനായി അതെ തുടർന്ന് അവളെ രക്ഷിക്കുന്നതിനായി, വിഷ്ണു ഒരു സുന്ദരിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ശിവന്റെ പിശാചുക്കളുടെ ശ്രദ്ധ വ്യതിചലിപ്പിക്കുന്നതിനായി, അങ്ങനെ ശിവനെയും അദ്ദേഹത്തിന്റെ പിശാചുക്കളെയും കീഴ്ടക്കുവാൻ കഴിഞ്ഞു.

വേദഗ്രന്ഥങ്ങളിലുള്ള മറ്റൊരു കഥയിൽ, ശിവന്റെ മേൽ വിഷ്ണുവിന് മേൽക്കൈ ഉണ്ടെന്ന് വെളിപ്പെടുത്തുന്നുണ്ട്. ശിവന്റെ വാക്കുകളിലൂടെ തന്നെ അത് വ്യക്തമാക്കുന്നുണ്ട്. പരമ പുരാണത്തിൽ ശിവൻ വിഷ്ണുവിനെ വിളിക്കുന്നത് പരം സത്യാമ : അതായത് പരമാത്മാവ്, അതുപോലെ പരഃബ്രഹ്മഃ അതായത് മഹത്വവാനായ ബ്രഹ്മഃ അതുപോലെതന്നെ നാരായണ അതായത് പരമമായ സത്യം, ആദി ഇല്ലാത്തവും, അന്ത്യമില്ലാത്തവനും, എല്ലാം കാണുന്നവനും, എല്ലായിടത്തും ഉള്ളവനും !

ഭഗവത്ഗീതയിലെ നായകനായ ശ്രീകൃഷ്ണൻ, വിഷ്ണുവിന്റെ അവതാരമായി വിശ്വസിക്കപ്പെടുന്നു. ദ്വാപരയുഗത്തിലെ 3-ാം യുഗത്തിലാണ് അദ്ദേഹത്തിന്റെ അവതാരമുണ്ടായത് എന്നും വിശ്വസിക്കപ്പെടുന്നു. നിശ്ചയം പ്രായോഗികമായി ചിന്തിച്ചാൽ, യുക്തി പൂർവ്വവും സത്യസന്ധവുമായ വീക്ഷണത്തിൽ, ഇത്തരം കാര്യങ്ങൾ ദൈവത്തിന്റെ മേൽ ചേർക്കാവതല്ല. ദൈവം അവൻ സത്യമായവനാണ്, മാനുഷിക ദൗർബല്യങ്ങളിൽ നിന്ന് മുക്തനും ആയിരിക്കണം.

ദൈവം അവൻ സത്യമായവനാണ്, മാനുഷിക ദൗർബല്യങ്ങളിൽ നിന്ന് മുക്തനും ആയിരിക്കണം. **ദൈവം ഒരിക്കലും ഒരു സ്ത്രീയുമായി ബന്ധിതമാകാവതല്ല. ഭാര്യയെ സ്വീകരിക്കുക, സന്താനങ്ങളെ ഉത്പാദിപ്പിക്കുക എന്നതും യോജ്യമല്ല. ദൈവം, യഥാർത്ഥമായ ഒന്നാണ്, അവൻ പരമോന്നതനാണ്, അവൻ ഒരിക്കലും ഉറങ്ങുന്നവനല്ല. അവൻ പരിശുദ്ധനാണ്. മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ആവശ്യമുള്ളതൊന്നും അവന് ബാധകമല്ല.** അപ്പോൾ പിന്നെ പറയപ്പെട്ടവർ ആരാണ്? ദൈവത്തെ ഭയപ്പെട്ടിരുന്ന സാത്വികരായ ആളുകളായിരിക്കാം. കാലഗമനത്തിൽ അവരെ ജനങ്ങൾ ദൈവങ്ങളായി ചിത്രീകരിച്ചതാകാം. അഥവാ അവർ നല്ലവരായിരിക്കാം. ശിവന്റെ കാര്യത്തിൽ പറയപ്പെട്ടതുപോലെ ! ഇതെല്ലാം പറയുന്നതിലൂടെ, ഏതെങ്കിലും ഒരു ഹിന്ദു സ്നേഹിതന്റെ വികാരങ്ങളെ മുറിവേല്പിക്കുവാൻ അശേഷം ഉദ്ദേശ്യമില്ല. മറിച്ച് അവർക്ക് നേർവഴി കാണിച്ചുകൊടുക്കുക മാത്രമാണ് ഉദ്ദേശ്യം. അവർ ചിന്തിക്കുന്നതിനു വേണ്ടി ഇതു സമർപ്പിക്കുന്നു. പ്രപഞ്ചവും മനുഷ്യനെ തന്നെയും ഇത്തരം പോരാടുന്ന ദൈവങ്ങൾക്ക് സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. മറിച്ച് ഒരേ ഒരു ദൈവം, അവൻ എല്ലാവിധ ശാരീരിക ഇച്ഛകളിൽ നിന്നും മുക്തനും മാനുഷിക ദൗർബല്യങ്ങൾക്കതീതനുമായിരിക്കും.

**എന്റെ ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബ ഇവിടെ നിർത്തുന്നു.**

**പ്രവാചകനായ ശ്രീകൃഷ്ണൻ (അ) ന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ.**

1. **അജ്ഞതയാൽ ഹൃദയങ്ങളിൽ ഉയരുന്ന സംശയങ്ങൾ ജ്ഞാനമാകുന്ന ആയുധം കൊണ്ട് നീക്കം ചെയ്യേണ്ടതാണ്.**
2. **ഇതു കൊടുക്കേണ്ടത് എന്റെ കർത്തവ്യമാണ് എന്നുറപ്പിച്ച് ദേശം, കാലം, പാത്രം, ഇവയെ പരീക്ഷിച്ചറിഞ്ഞ് പ്രത്യുപകാരം ചെയ്‌വാൻ കഴിവില്ലാത്തവന് കൊടുക്കുന്ന ദാനത്തെ സാത്ത്വികം എന്നു പറയുന്നു. (ഭഗവത് ഗീത 17 : 20)**

   വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറയുന്നു **അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചെലവു ചെയ്യുകയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവ് ചെയ്തതു (അത് സ്വീകരിച്ചവരോട്) ഔദാര്യമായി എടുത്തു പറയാതിരിക്കുകയും (അവരുടെ മനസ്സ്) വേദനിപ്പിക്കാതിരിക്കുകയും, ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട് അവർക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല (2 : 26)**

ആയതിനാൽ, മനസ്സിലാക്കുവാൻ ശ്രമിക്കുക. വിഷ്ണുവും കൃഷ്ണനും ദൈവത്തിന്റ സൃഷ്ടികളാണ്. അവർ തീർച്ചയായും ദൈവങ്ങളായിരുന്നില്ല ; നിശ്ചയമായും ദൈവങ്ങളല്ല മറിച്ച് അവർ സാത്ത്വികരായ ഭക്തന്മാരായിരുന്നു ; ദൈവ ദൂതന്മാരുമായിരുന്നു. ആയതിനാൽ എന്റെ ഹിന്ദു സഹോദരന്മാരോടും സഹോദരിമാരോടും എനിക്ക് കാണിച്ചുകൊടുക്കേണ്ടതുണ്ട്, അതായത് നമ്മുടെ യഥാർത്ഥ ബന്ധം ദൈവത്തോട് മാത്രമായിരിക്കണം, അവൻ സത്യവാനും മഹത്വമുടവുമാണ്. ഒരേ ഒരു ദൈവം നിലനില്ക്കുന്നു. നാം നിലനില്ക്കുന്നതിന്റെ കാരണം അവനാണ്. നമുക്കാവശ്യമായതെല്ലാം സൃഷ്ടിച്ചിട്ടുള്ളവനാണ്. നമ്മുടെ സുഖത്തിനു വേണ്,ടി, പുരോഗതിക്കുവേണ്ടി, വിജയത്തിനു വേണ്ടി, നമ്മുടെ ജീവിതം ആശ്രയിക്കുന്നത്. അവന്റെ അനുഗ്രഹത്തിലാണ്. നമ്മുടെ രക്ഷകർത്താക്കൾ, സന്താനങ്ങൾ, സഹോദന്മാർ, സഹോദരിമാർ, ഭാര്യമാർ, ഭർത്താക്കന്മാർ, സ്നേഹിതർ, മഹത്വങ്ങൾ, സ്ഥാനമാനങ്ങൾ, കച്ചവടം, തൊഴിലുകൾ, നമ്മുടെ ജീവൻ പോലും ദൈവത്തേക്കാൾ സാമീപ്യത്തിലല്ല എന്ന് നാമറിയണം. ഇവയെല്ലാം അവന്റെ സമ്മാനങ്ങളാണ്, അവൻ മാത്രമാണ് യഥാർത്ഥ ദാതാവ് അൽഹം ദുല്ലില്ലാഹ് !


**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**